"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട സംസ്ഥാനത്തെ സർവകലാശാല അനധ്യാപക തസ്തിക നിയമനം - അന്തർ സർവകലാശാലാ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.374/2025/HEDN തീയതി,തിരുവനന്തപുരം, 12-06-2025

പരാമർശം:- 1) സ.ഉ.(കൈ) നം.123/2017/ഉ.വി.വ. തീയതി 09.05.2017.

2) സ.ഉ.(കൈ) നം. 30/2024/ഉ.വി.വ. തീയതി 23.01.2024.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കേരളത്തിലെ വിവിധ സർവകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിൽ നിയമിതരാകുന്നവർക്ക് പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റി, ഓപ്ഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ അന്തർ സർവകലാശാലാ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് സർവകലാശാല ലൈബ്രറി വിഭാഗം തസ്തികയായ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. സർവകലാശാലകളിലെ അനധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട എല്ലാ തസ്തികകൾക്കും പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റി, ഓപ്ഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ അന്തർ സർവകലാശാലാ സ്ഥലംമാറ്റം അനുവദിക്കണമെന്നുള്ള ആവശ്യം സംബന്ധിച്ച് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന മുഴുവൻ അനധ്യാപക തസ്തികകൾക്കും പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റി, ഓപ്ഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ അന്തർ സർവകലാശാലാ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇതിലേയ്ക്ക് ബാധകമായ വ്യവസ്ഥ ഉൾക്കൊള്ളിച്ച് സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനിൽ കുമാർ.വി.എസ്.**

അഡിഷണൽ സെക്രട്ടറി

1. രജിസ്ട്രാർ,
   കേരള / എം.ജി. / കാലിക്കറ്റ് / കണ്ണൂർ / കൊച്ചി ശാസ്ത്ര സാങ്കേതിക / ശ്രീ ശങ്കരാചാര്യ സംസ്കൃത / തുഞ്ചത്തെഴുത്തച്ഛൻ മലയാള / നുവാൽസ് / ശ്രീനാരായണഗുരു ഓപ്പൺ / എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര / കേരള കാർഷിക / കേരള ആരോഗ്യശാസ്ത്ര / കേരള മത്സ്യബന്ധന സമുദ്രപഠന / കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല.
2. കാർഷികവികസന കർഷകക്ഷേമ വകുപ്പ്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
4. മത്സ്യബന്ധന വകുപ്പ്
5. മൃഗസംരക്ഷണ വകുപ്പ്
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. www.highereducation.kerala.gov.in
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (B2/17/2024-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 13-06-2025 10:33:53

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.